"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ അഗതി രഹിത കേരളം (ആശ്രയ) ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരായ 5 പേർക്കും, ഭൂരഹിത ഭവനരഹിതരായവരുടെ വിഭാഗത്തിലെ ഒരാൾക്കും വീട് നിർമ്മിച്ച് നൽകുന്നതിനുള്ള ചെമ്പിലോട് പഞ്ചായത്തിന്റെ പ്രോജക്ടിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2466/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/12/2020

പരാമർശം:- 1 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11/8/2020-ലെ കത്ത്.

2 ചെമ്പിലോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.07.20-ലെ 3654/20 നമ്പർ കത്ത്.

3 കോർഡിനേഷൻ കമ്മിറ്റിയുടെ 23/09/2020ലെ 4.6 നമ്പർ തീരുമാനം.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ അഗതി രഹിത കേരളം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരായ 5 പേരും ഭൂരഹിത ഭവനരഹിതരായവരുടെ വിഭാഗത്തിലെ ഒരാളും ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുടുംബശ്രീ ജില്ലാ മിഷൻ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്ന ആശ്രയ വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്ന പ്രോജക്ടിന് പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡിപിസി അംഗീകാരം ലഭ്യമായിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം ലൈഫ് മിഷൻ ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രമേ ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കാൻ പാടുള്ളൂ എന്ന നിബന്ധന ഉള്ളതുകൊണ്ട് കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി നൽകണമെന്ന ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (2)ലെ അപേക്ഷ കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (1 ) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം 3 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ അഗതി രഹിത കേരളം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.
ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ.
അക്കൌണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by REENAMMA P A
Date: 2021.01.04 12:42:12 IST
Reason: Approved
സെക്ഷൻ ഓഫീസർ